പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 7605

15.07.2014-ൽ മറുപടിക്ക്.

## കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ വിവിധ കോടതികളിൽ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്ന കേസുകൾ എത്രയെണ്ണമുണ്ടെന്ന് അറിയിക്കുമോ; | : (എ) 31.3.2014 ലെ കണക്ക് പ്രകാരം സംസ്ഥാനത്തെ വിവിധ കോടതികളിലായി 13, 73, 305 കേസ്സുകൾ തീർപ്പാക്കാതെ കെട്ടിക്കിടപ്പുണ്ട്. |
| (ബി) സമയബന്ധിതമായി കേസുകൾ തീർപ്പാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;<br><br>(സി) ഇത്തരം കേസുകൾ തീർപ്പാക്കുവാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | : (ബി)യും, (സി) യും<br>കോടതികളിൽ കേസുകൾ ഫയൽ ചെയ്യുന്നതിന്റെ എണ്ണം വളരെയധികം അധികരിച്ചതാണ് സമയബന്ധിതമായി കേസുകൾ തീർപ്പാക്കാൻ കഴിയാതെവന്നത്.<br>കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിനായി ഹൈക്കോടതിയുമായി ആലോചിച്ച് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ഫണ്ട് ഉപയോഗിച്ച് 27 താൽക്കാലിക ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ വിവിധ ജില്ലകളിലായി കെട്ടികിടക്കുന്ന കേസുകൾ തീർപ്പാക്കുന്നതിലേയ്ക്കായി തസ്തികകൾ സഹിതം അനുവദിച്ചിട്ടുണ്ട്. അവയിൽ മൂന്ന് കോടതികൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ളവയിൻമേൽ ഹൈക്കോടതി നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

(മറുപുറം)

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക ആക്രമങ്ങൾ, അതിക്രമങ്ങൾ എന്നിവ സംബന്ധിച്ച കേസുകൾ വിചാരണ ചെയ്യുന്നതിലേക്കായി എറണാകുളത്ത് പ്രത്യേക കോടതി ആരംഭിച്ചു കഴിഞ്ഞു. ഇതേ ആവശ്യത്തിനായി തിരുവനന്തപുരത്ത് അനുവദിച്ച കോടതി പ്രാവർത്തികമാക്കുവാൻ ഹൈക്കോടതി നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ഇത്തരത്തിൽ ഒരു കോടതി ആരംഭിക്കുന്നതിന് സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കേസുകൾ കേൾക്കുന്നതിനായി മഞ്ചേരിയിലും മാനന്തവാടിയിലും സ്പെഷ്യൽ കോടതികൾ അനുവദിച്ചുകഴിഞ്ഞു. കൊല്ലത്തും, പാലക്കാടും ഇത്തരത്തിലുള്ള കോടതികൾ ആരംഭിക്കുന്നതിനായി ഹൈക്കോടതി നടപടികൾ സ്വീകരിച്ചുവരുന്നു.

Rema.V

സെക്ഷൻ ഓഫീസർ